# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 27.12.2025**

## പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ഗോവ, കർണാടക, ഝാർഖണ്ഡ് സംസ്ഥാനങ്ങളിലേക്കുള്ള സന്ദർശനത്തിന് ഇന്ന് തുടക്കമാകും.
2. ചീഫ് സെക്രട്ടറിമാരുടെ ത്രിദിന ദേശീയ സമ്മേളനത്തിന് ഇന്നും നാളെയും പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിക്കും.
3. സംസ്ഥാനത്തെ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡൻറ് തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. വൈസ് പ്രസിഡന്റുമാരുടെ തെരഞ്ഞെടുപ്പ് ഉച്ചയ്ക്ക് ശേഷം.
4. പട്ടിക ജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന 'ഉന്നതി വിജ്ഞാന കേരളം' തൊഴിൽ പരിശീലന പദ്ധതി കോഴിക്കോട്ട് മന്ത്രി ഒ.ആർ. കേളു ഉദ്ഘാടനം ചെയ്യും.
5. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത ആലപ്പുഴയിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഇന്നും തുടരുന്നു.
6. ശ്രീലങ്കക്കെതിരായ വനിതാ ടി-20 പരമ്പരയിൽ ഇന്ത്യക്ക് വിജയം. നാലാം മത്സരം നാളെ തിരുവനന്തപുരത്ത്.

### രാഷ്ട്രപതി - സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നു മുതൽ ഗോവ, കർണാടക, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നാല് ദിവസത്തെ സന്ദർശനം

RNU TVPM

നടത്തും. രാഷ്ട്രപതി ഇന്ന് വൈകുന്നേരം ഗോവയിലേക്ക് പോകും. നാളെ, കർണാടകയിലെ കാർവാർ തുറമുഖത്ത് നിന്ന് അന്തർവാഹിനിയിൽ കടൽ യാത്ര നടത്തും. തിങ്കളാഴ്ച, ജാർഖണ്ഡിലെ ജംഷഡ്പൂരിൽ ഓൾ ചിക്കി ലിപിയുടെ ശതാബ്ദി ആഘോഷങ്ങളിലും എൻ.ഐ.ടി ജംഷഡ്പൂരിന്റെ 15-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## ചീഫ് സെക്രട്ടറി - സമ്മേളനം

അഞ്ചാമത് ചീഫ് സെക്രട്ടറിമാരുടെ ത്രിദിന ദേശീയ സമ്മേളനത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. ഇന്നും നാളെയും പ്രധാനമന്ത്രി നരേന്ദ്ര മോദി സമ്മേളനത്തിന് അധ്യക്ഷത വഹിക്കും. ദേശീയ വികസന മുൻഗണനകളെക്കുറിച്ചുള്ള സംവാദങ്ങളിലൂടെ കേന്ദ്ര-സംസ്ഥാന പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിലെ സുപ്രധാന നാഴികക്കല്ലാണ് സമ്മേളനം. രാജ്യത്തിൻറെ മനുഷ്യവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനും, ഭാവി വളർച്ച ത്വരിതപ്പെടുത്തുന്നതിനുമുള്ള ഏകീകൃത കർമ്മപദ്ധതി തയ്യാറാക്കുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം.

☸☸☸☸☸☸☸☸☸☸☸☸☸

## തദ്ദേശ തെരഞ്ഞെടുപ്പ് - പ്രസിഡൻറ്

സംസ്ഥാനത്തെ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരേയും വൈസ് പ്രസിഡന്റുമാരേയും ഇന്ന് തെരഞ്ഞെടുക്കും. പ്രസിഡന്റുമാരുടെ തെരഞ്ഞെടുപ്പ് രാവിലെ പത്തരയ്ക്ക് ആരംഭിച്ചു. വൈസ് പ്രസിഡന്റുമാരുടെ തെരഞ്ഞെടുപ്പ് ഉച്ചയ്ക്ക് ശേഷം രണ്ടരയ്ക്കും നടക്കും. കോർപറേഷൻ മേയർ, ഡെപ്യൂട്ടി മേയർ, മുനിസിപ്പൽ ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ തെരഞ്ഞെടുപ്പുകൾ ഇന്നലെ നടത്തിയിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## ജില്ലാ, ബ്ലോക്ക് പഞ്ചായത്ത്

എൽ ഡി എഫിലെ ബിനോയ് കുര്യൻ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറായും യു ഡി എഫിലെ മില്ലി മോഹൻ കോഴിക്കോട് ജില്ലാ

പഞ്ചായത്ത് പ്രസിഡൻറായും സത്യപ്രതിജ്ഞ ചെയ്തു. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റായി പി.എ.ജബ്ബാർ ഹാജി ചുമതലയേറ്റു. കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി സി പി ഐയുടെ ആർ ലതാദേവി തെരഞ്ഞെടുക്കപ്പെട്ടു. മന്ത്രി ജി ആർ അനിലിന്റെ ഭാര്യയാണ് ലതാദേവി. കെപിസിസി ജനറൽ സെക്രട്ടറി ജോഷി ഫിലിപ്പ് കോട്ടയം ജില്ലാ പഞ്ചായത് പ്രസിഡന്റായി ചുമതലയേറ്റു. രണ്ടാം തവണയാണ് ജോഷി ഫിലിപ്പ് ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റാകുന്നത്. എ മഹേന്ദ്രൻ ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രെസിഡൻറായി സത്യപ്രതിജ്ഞ ചെയ്തു. കോഴിക്കോട് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ മിനി വട്ടക്കണ്ടിയും വടകര ബ്ലോക്ക് പഞ്ചായത്തിൽ കോട്ടയിൽ രാധാകൃഷ്ണനും തിരുവമ്പാടിയിൽ ജിതിൻ പല്ലാട്ടും പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. കൊല്ലം മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ യുഡിഎഫിന്റെ സാം വർഗീസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. കൊട്ടാരക്കര നെടുവത്തൂർ പഞ്ചായത്തിൽ ബിജെപിയുടെ വിദ്യാ കരുവായം പഞ്ചായത്ത് പ്രസിഡൻറായി ചുമതലയേറ്റു.

PNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## പാലക്കാട് (ഇൻട്രോ)

വിളസംരക്ഷണം ഉറപ്പാക്കുന്നതിനായുള്ള കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയുടെ പുതിയ സീസൺ അപേക്ഷാ പ്രക്രിയ ആരംഭിച്ചതായി അധികൃതർ അറിയിച്ചു. അർഹതപ്പെട്ട കർഷകർക്ക് അംഗീകൃത ഏജൻസികളിലൂടെയോ ഔദ്യോഗിക ഓൺലൈൻ പോർട്ടലിലൂടെയോ അപേക്ഷ സമർപ്പിക്കാം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രി ഒ ആർ കേളു

പട്ടിക ജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന 'ഉന്നതി വിജ്ഞാന കേരളം ' തൊഴിൽ പരിശീലന പദ്ധതി കോഴിക്കോട് മരുതോങ്കരയിൽ വൈകിട്ട് മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്യും. പട്ടിക ജാതി, പട്ടിക വർഗ്ഗ പിന്നോക്ക വികസന വകുപ്പും K - ഡിസ്കും വിജ്ഞാന കേരളവും ചേർന്ന് ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രത്യേക പദ്ധതിയാണ് 'ഉന്നതി -വിജ്ഞാന കേരളം. ഇന്റേൺഷിപ്പുകൾ, തൊഴിൽ അപ്രന്റീസ്ഷിപ്പുകൾ എന്നിവ വഴി അടുത്ത മാർച്ച് 31നകം 10,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

## പക്ഷിപ്പനി

ആലപ്പുഴയിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കുന്ന പ്രവർത്തി ഇന്നും തുടരുന്നു. പ്രഭവ കേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിൽ പക്ഷി വളർത്തലും വിപണനവും ഉപയോഗവും ഒരാഴ്ചത്തേക്ക് നിരോധിച്ചിട്ടുണ്ട്.

PNU TVPM

## പൈതൃകോത്സവം

പുരാവസ്തു, പുരാരേഖ മ്യൂസിയം വകുപ്പുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ കണ്ണൂരിൽ ജനുവരി ഒന്നു മുതൽ ആറു വരെ പൈതൃകോത്സവം സംഘടിപ്പിക്കുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു കണ്ണൂർ നഗരത്തിലും സമീപപ്രദേശങ്ങളായ മുണ്ടേരി, അറയ്ക്കൽ, ബർണശ്ശേരി എന്നിവിടങ്ങളിലായാണ് പൈതൃകോത്സവം നടത്തുക. പ്രഭാഷണങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പൈതൃക പദയാത്ര എന്നിവ ഇതിന്റെ ഭാഗമായി ഒരുക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത്

നാളെ രാവിലെ 11-ന്. പരിപാടിയുടെ 129-ാം പതിപ്പാണിത്. ആകാശവാണി, ദൂരദർശൻ ന്യൂസ്, AIR ന്യൂസ് വെബ്സൈറ്റ്, ന്യൂസ് ഓൺ എയർ മൊബൈൽ ആപ് എന്നിവയിൽ പരിപാടി തത്സമയം ലഭ്യമാണ്.

---

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

---

## തീവ്ര വോട്ടർ പട്ടികാ

RNU TVPM

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാത്ത അർഹരായ വരുടെ പേര് ചേർക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാർ ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകി. കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in എന്നീ വെബ്സൈറ്റു കളിൽ കരട് പട്ടിക ലഭ്യമാണ്.

---

## സർഗോത്സവം 2025 (ഇൻട്രോ)

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർഥികളുടെ സംസ്ഥാനതല കലാമേള - സർഗോത്സവം 2025 നാളെ കണ്ണൂരിൽ. 30 വരെ നടക്കുന്ന കലോത്സവം നാളെ വൈകിട്ട് കണ്ണൂർ കലക്ടറേറ്റ് മൈതാനിയിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. മന്ത്രി ഒ.ആർ കേളു അധ്യക്ഷനാകും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ.ശശിധരൻ

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## ബോൺ നതാലെ കരോൾ ഘോഷയാത്ര

ഗിന്നസ് ബുക്കിൽ ഇടം നേടി ചരിത്രം സൃഷ്ടിച്ച തൃശ്ശൂരിന്റെ ബോൺ നതാലെ ക്രിസ്മസ് കരോൾ ഘോഷയാത്ര ഇന്ന് വൈകീട്ട് നഗരവീഥിയിൽ നിറയും. തൃശൂർ അതിരൂപതയും പൗരാവലിയും ചേർന്നാണ് ബോൺ നതാലെ കരോൾ ഘോഷയാത്ര നടത്തുന്നത്. 15000ത്തിൽ അധികം പേർ പാപ്പാ വേഷത്തിൽ പരിപാടിയുടെ ഭാഗമാകും. ആയിരത്തോളം മാലാഖമാർ, സ്കേറ്റിംഗ്, ബൈക്ക്, വീൽചെയർ പാപ്പാമാർ എന്നിവർ ഘോഷയാത്രയിൽ അണിചേരും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല - മണ്ഡലപൂജ (ഇൻട്രോ)

മണ്ഡലകാലത്തിന് ഇന്ന് സമാപനം. മണ്ഡലകാലത്തെ പ്രധാന ചടങ്ങായ മണ്ഡലപൂജ ഇന്ന് ശബരിമല സന്നിധാനത്ത് നടന്നു.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## ക്രിക്കറ്റ്

ശ്രീലങ്കക്കെതിരായ വനിതാ ടി-20 പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യക്ക് എട്ട് വിക്കറ്റ് വിജയം. ഇന്നലെ തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ വിജയം നേടിയതോടെ

അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 3-0 -ത്തിന് മുന്നിലെത്തി. പരമ്പരയിലെ നാലാം മത്സരം നാളെ തിരുവനന്തപുരത്ത് നടക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## സമസ്ത കേരള ജംഇയ്യത്തുൽ ഉലമ

സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ 100-ാാം വാർഷിക അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഭാഗമായി സമസ്ത പ്രസിഡൻ്റ് സയ്യിദുൽ ഉലമ മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ നയിക്കുന്ന ശതാബ്ദി യാത്ര ഇന്ന് കണ്ണൂർ ജില്ലയിലെത്തും. കണ്ണൂർ പെരിങ്ങത്തൂർ പാലത്തിന് സമീപം യാത്രയ്ക്ക് സ്വീകരണം നൽകും. വൈകുന്നേരം കണ്ണൂർ ടൗൺ സ്ക്വയറിൽ നടക്കുന്ന പൊതുസമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. കാസർകോട് കൂണിയയിൽ ഫെബ്രുവരി നാല് മുതൽ എട്ട് വരെയാണ് സമ്മേളനം.

☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM

## സ്വർണവില

സ്വർണവിലയിൽ വർധന. പവന് 880 രൂപ ഉയർന്ന്, ഒരു ലക്ഷത്തി 3,560 രൂപയും, ഗ്രാമിന് 110 രൂപ വർധിച്ച് 12,945 രൂപയുമാണ് ഇന്നത്തെ വില.

☸☸☸☸☸☸☸☸☸☸☸☸☸

## കണ്ണൂർ - മരണം

കണ്ണൂർ കൂത്തുപറമ്പിനടുത്ത് നീർവേലിയിൽ ഒരു വീട്ടിലെ മൂന്ന് പേരെ മരിച്ച നിലയിൽ കണ്ടെത്തി. 20 വയസ്സുള്ള കിഷൻ, കിഷന്റെ അമ്മൂമ്മ വി. കെ. റെജി, അമ്മൂമ്മയുടെ സഹോദരി വി. കെ. റോജ എന്നിവരാണ് മരിച്ചത്. ചെറുമകന്റെ മരണത്തെ തുടർന്നുണ്ടായ വിഷമത്തിൽ ആണ് മറ്റു രണ്ടുപേരും മരിച്ചത് എന്നാണ് വിവരം.

☸☸☸☸☸☸☸☸☸☸☸☸☸

## റഷ്യ -ഉക്രൈൻ

യുക്രെയ്ൻ തലസ്ഥാനമായ കീവിൽ ആക്രമണം നടത്തി റഷ്യ. ഇന്ന് പുലർച്ചെ നടത്തിയ ആക്രമണത്തിൽ നിരവധി മിസൈലുകൾ റഷ്യ വിക്ഷേപിച്ചതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കീവിലെ പ്രാന്തപ്രദേശ പട്ടണമായ ബ്രോവാരിയിലും പരിസര പ്രദേശങ്ങളിലും വൈദ്യുതിബന്ധം തടസ്സപ്പെട്ടു. റഷ്യയുമായുള്ള യുദ്ധം പരിഹരിക്കാൻ യുക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കിയും യുഎസ് പ്രസിഡന്റ് ഡൊണൾഡ് ട്രംപും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്ക് ഒരു ദിവസം മുമ്പാണ് ആക്രമണം.

RNU TVPM